"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.റിൻസി ആന്റണി ഫയൽ ചെയ്ത ഒഎ (ഇകെഎം) 942/2023 നമ്പർ കേസിൽ ബഹ.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2540/2023/H&FWD തീയതി,തിരുവനന്തപുരം, 03-10-2023

---

പരാമർശം:

1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023
3. ഡോ.റിൻസി ആന്റണി സമർപ്പിച്ച അപ്പീൽ അപേക്ഷ
4. ഡോ.റിൻസി ആന്റണി ഫയൽ ചെയ്ത ഒഎ (ഇകെഎം) 942/2023 നമ്പർ കേസിൽ ബഹ.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 20-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, കോഴിക്കോട് കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ. റിൻസി ആന്റണിയെ കണ്ണൂർ ജില്ലയിലെ ചെറുതാഴം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോ.റിൻസി ആന്റണി പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൾ ബഹ.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ (ഇകെഎം) 942/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹ. ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാളെ നേരിൽ കേൾക്കുന്നതിനും ടിയാളുടെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന്, ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ പരിശോധിക്കുന്നതിന് പരാമർ ശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകയേയും എതിർ കക്ഷികളേയും നേരിൽ കേൾക്കുകയും അപേക്ഷകയുടെ അപ്പീൽ വിശദമായി പരിശോധിക്കുകയും ഉണ്ടായി. ഡോ.റിൻസി ആന്റണിക്ക് മിശ്രവിവാഹിത എന്ന പരിഗണന നൽകി കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലനിർത്തുന്നതിന് കമ്മിറ്റി ശിപാശ ചെയ്യുകയുണ്ടായി .

(3) കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ട് ഡോ.റിൻസി ആന്റണിയെ കോഴിക്കോട് കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ നിലനിർത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർ ശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹ.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ്

91928

GOVERNMENT OF KERALA 2017-18

അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.റിൻസി ആന്റണി ,അസിസ്റ്റന്റ് സർജൻ സാമൂഹികാരോഗ്യ കേന്ദ്രം ,
കൊടുവള്ളി,കോഴിക്കോട്
ഡോ.അമ്പിളി അരവിന്ദ്, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ.പാർവ്വതി .കെ.എൻ., അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 03-10-2023 12:55:44

**<u>മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി 04.10.2023</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി